# ദേവീമാഹാത്മ്യം

ആർഷഭാരതത്തിലെ മാന്യനായ ഒരു വലിയ ഓഫീസറുടെ ഭാര്യയായിരുന്നു ഞാൻ. ഒരു വലിയ വീടും കാറും മറ്റെല്ലാ സുഖസൗകര്യങ്ങളും ഉണ്ടായിരുന്ന ഭാഗ്യവതിയായ ഞാൻ ചിലപ്പോൾ എന്നെക്കുറിച്ചോർത്തിരുന്നു പോകാറുണ്ട്. വലിയ വീട്ടിക്കൊണ്ടുള്ള ഊൺമേശപ്പുറത്ത് പ്രതിബിംബിക്കുന്ന എന്റെ പ്രതിച്ഛായ നോക്കി ഞാനേറെ നേരം ഇരുന്നുപോകും. ആ കസേരയിൽ അങ്ങനെ ഇരുന്നു പുറത്തേയ്ക്കു നോക്കുമ്പോൾ, കുട്ടികളെ മുതുകത്തു ഭാണ്ഡം കെട്ടി, പൊരിവെയിലിൽ കുന്നിന്റെ മുകളിലൂടെ ഞളുങ്ങിയ അലുമിനിയപ്പാത്രങ്ങളിൽ വെള്ളം കൊണ്ടുവരുന്ന പാവപ്പെട്ട സ്ത്രീകളെ എനിയ്ക്ക് കാണാൻ പറ്റും. അവരുടെ മുഖത്തെ എത്ര കഴുകിയാലും മാറ്റമില്ലാത്ത ആ പ്രത്യേക ഭാവം. കറകെട്ടിയ വിലയില്ലാത്ത നാണയത്തുട്ടുകളെപ്പോലെയാണെന്നാണ് എനിയ്ക്ക് തോന്നാറ്. അവകൊണ്ട് എന്താണ് ചെയ്യേണ്ടതെന്ന് എനിയ്ക്കറിയില്ല. പക്ഷെ വലിച്ചെറിയുമ്പോൾ എന്തായാലും കാശല്ലേ എന്ന് ആലോചിയ്ക്കും. അങ്ങനെത്തന്നെ മടക്കി വീണ്ടും മനസ്സിലേക്കിടും.

ആർഷഭാരതത്തിൽ സ്ത്രീകൾ ബഹുമാന്യരാണ്. അമ്മ പറയും: സ്ത്രീലക്ഷ്മിയും സരസ്വതിയും ഒക്കെയാണ്. അതുകൊണ്ട് പുരുഷന്മാർ നമ്മെ ദേവീഎന്നുവിളിച്ച് ആരാധിയ്ക്കുന്നു. എന്നിട്ട് മനുഷ്യരെപ്പോലെ നമുക്ക് വിശപ്പും ദാഹവും ഉണ്ടെന്നത് മറക്കുന്നു. കഷ്ടം നമുക്കൊക്കെ ദേവികളാകാമായിരുന്നു. നമ്മളെ ദേവികളാക്കാൻ തയ്യാറുള്ളവരുടെ ഇടയിൽ മനുഷ്യന്മാരായിത്തന്നെ നാം തുടരുന്നതാണ് തെറ്റ്.

ഭർത്താവിന്റെ നേർത്ത ശ്വാസോച്ഛ്വാസം കേട്ടുകൊണ്ട് കിടക്കുമ്പോഴൊക്കെ അമ്മ പറയാറുള്ളത് ഞാനോർക്കും. എനിക്കത്ഭുതം തോന്നാറുണ്ട്. ധാരാളം പണവും ഒരു നല്ലഭാവിയും ഒക്കെ കാൽക്കൽ കിടക്കുമ്പോൾ എന്തിനാണ് തന്നെ തന്റെ ഭർത്താവ് കല്യാണം കഴിച്ചത് ? അദ്ദേഹം പറയാറുള്ളതുപോലെ, പെണ്ണ് ഭാരമാണ് എന്ന് തനിയ്ക്കും അറിയാം. കല്യാണം ആലോചിച്ചുവന്ന ആൾക്കാർ ഓരോരുത്തനും തന്നെ വിളിച്ചുനിർത്തി മുഖത്തും മാറിലും അരയിലും ഒക്കെനോക്കി വിലയിരുത്തുമ്പോൾ തൊട്ടടുത്ത് പാടുപെട്ട് വരുന്ന ചിരിയുമായി ഉൽക്കണ്ഠയോടെ നിന്നിരുന്ന അച്ഛന്റെ മുഖത്തുനിന്നും അത് മനസ്സിലായിട്ടുണ്ട്. കുട്ടിയൊക്കെ നന്ന്, പക്ഷെ കറത്തുപോയി എന്നു പറഞ്ഞു ഇറങ്ങിപ്പോയ ഒരു കൂട്ടരുടെ പിന്നിൽ മേശപ്പുറത്തുനിന്ന് തീറ്റസാധനങ്ങൾ മുറ്റത്തേയ്ക്ക് വലിച്ചെറിഞ്ഞ് മുകളിലേയ്ക്ക് കനത്ത അടികളോടെ നടന്നുപോയ അച്ഛന്റെ മുഖം ചിലപ്പോഴൊക്കെ എന്റെ എല്ലാ മോഹങ്ങളേയും കാനലാക്കിക്കൊണ്ട് വളർന്നു വരും. അപ്പോൾ ഞാൻ എന്റെ ഭർത്താവിന്റെ മുഖത്തുനോക്കി കുറ്റബോധത്തോടെ ചിരിക്കിറുണ്ടു്. ഒരൊറ്റ പൈസയും ഇന്നുവരെ സമ്പാദിയ്ക്കാത്ത എനിയ്ക്ക് പൈസയുടെ വില കുട്ടിക്കാലം മുതലേ അറിയാമായിരുന്നു. അവനവന്റെ ചിറകുകളും മനസ്സും ആണ് അതു്. കത്രിച്ചെടുത്ത ചിറകുകളും നിറം മങ്ങി മുഷിഞ്ഞ മനസ്സുകളും പകരം വാങ്ങി ഞങ്ങളെ ഊട്ടുകയും ഉടുപ്പിയ്ക്കുകയം ചെയ്യുന്ന പുരുഷന്മാരോട് എനിക്കെപ്പോഴും നന്ദി തോന്നിയിട്ടുണ്ട്. ചന്തമുള്ള ആടയാഭരണങ്ങളിൽ പൊതിഞ്ഞ് രക്തംപോലെ ചുകന്ന കുങ്കുമം നെറ്റിയിലും തൊടുവിച്ച് ബഹുമാന്യകളാക്കി കൈയിൽ മുറുക്കിപ്പിടിച്ചു് ഞങ്ങളെ കൊണ്ടുനടക്കുന്നവരാണവർ. അപ്പോഴൊക്കെ ചിരിക്കാൻ ബാദ്ധ്യത ഞങ്ങൾക്കുമുണ്ടു്. കത്രിച്ചുകളഞ്ഞ ചിറകുകൾ ഞങ്ങളുടെ ആഡംബരമായിരുന്നു എന്ന് എനിക്കപ്പോൾ സമ്മതിക്കാം. നന്ദി സ്ത്രീകൾക്കായാലും വേണമല്ലൊ.

വാസ്തവത്തിൽ വിടർന്ന കണ്ണുകളും ഭംഗിയേറിയ മൂക്കും മാർ നിറഞ്ഞ മുലകളും ഉള്ള ദേവിമാരായി വീട്ടിൽ വെച്ചു് ഞങ്ങൾ ആരാധിക്കപ്പെടുമ്പോൾ എല്ലാ പരാതികളും അപേക്ഷകൾപോലും അധികപ്പറ്റാണ്. എന്തൊക്കെയാണ് പുരുഷന്മാരിൽനിന്ന് പ്രതീക്ഷിക്കുക ? ആൺ കുട്ടിയെ പ്രസവിപ്പിക്കാൻവേണ്ടി രണ്ടാമതും മൂന്നാമതും കല്യാണം കഴിച്ച സ്വർണ്ണക്കച്ചവടക്കാരനായ എന്റെ സുഹൃത്ത് ലാലാജിയുടെ ദു:ഖം എനിക്കും മനസ്സിലാവുന്നത് അതുകൊണ്ടാണ്. ലാലാജിയുടെ മൂന്നാമത്തെ കല്യാണത്തിന് ഞാനും പോയിരുന്നു. എന്റെ ഭർത്താവിന്റെ കൈ സന്തോഷത്തോടെ, അഭിമാനത്തോടെ പിടിച്ചുകുലുക്കി ലാലാജി, പിന്നെ വൈരക്കൽ മോതിരമിട്ടകൈ നരച്ച തലമുടിയിഴകളിലൂടെ തടവി അദ്ദേഹം ദു:ഖാകുലനായി: ''നോക്കു്'' അദ്ദേഹം പറഞ്ഞു: ''ഞാനെന്റെ ഭാഗ്യം മൂന്നാമതും പരീക്ഷിക്കയാണ്. ഇത്തവണയെങ്കിലും ദൈവം എന്നോട് കനിയണേ എന്നേയുള്ള പ്രാർത്ഥന. എനിക്കു വയസ്സാവുകയാണ് മിസ്റ്റർ നായർ. കുടുംബത്തിൽ പെൺവാഴ്ചഅശുഭമാണ്.''

ലാലാജിയുടെ പിന്നിൽനിന്ന്, അന്ന്, മുതിർന്ന മൂന്നു പെൺകുട്ടികളുടെ അമ്മയായ ആദ്യഭാര്യ നവവധുവിനെ കൈപിടിച്ച് ആനയിച്ചു, മനോഹരമായി തുന്നൽപ്പണി ചെയ്ത ചുകന്ന നേർത്ത വസ്ത്രങ്ങളുടെ നേർത്ത മറയിലൂടെ അവരുടെ കണ്ണുകൾ ഏറ്റുമുട്ടി. ഏട്ടത്തിയുടെ മുഖത്ത്, കരിപിടിച്ച റാന്തിലെ താഴ്ത്തിയ തിരിയുടെ വെളിച്ചം പോലെ തെളിഞ്ഞ ചിരിയിൽ വധു തുറിച്ചുനോക്കിനിന്നു. തന്റെ മേൽ അർപ്പിക്കപ്പെട്ട ചുമതലയുടേയും ഭാരത്തിന്റേയും ഘനം അവൾക്ക് പെട്ടെന്ന് പിടികിട്ടി എന്നു തോന്നി. പിന്നെ അവൾ

ചിരിച്ചതേയില്ല. വലിയ പലഹാരപ്പാത്രങ്ങളുടെ നടുവിൽ വീട്ടിലെ എല്ലാറ്റിന്റേയും താക്കോൽക്കൂട്ടം അരയിൽ ബന്ധിച്ചുകൊണ്ട് രണ്ടാമത്തെ ഭാര്യ അനങ്ങാതെ നിന്നു. ലാലാജിയുടെ പിന്നിൽ ആൺകുട്ടിയെ പ്രസവിക്കാനായിക്കൊണ്ടു വന്ന അനിയത്തിയും വിരുന്നു കാരും മണിയറയിലേയ്ക്ക് നടന്നപ്പോൾ, അടുക്കളിയിലെ ഒരിക്കലും തെളിയാത്ത ഇരുട്ടിൽ ഏട്ടത്തിമാരുടെ കണ്ണുകൾ കരിങ്കൽച്ചീളുകൾ പോലെ തിളങ്ങി. അവ എവിടെയെങ്കിലും ഒന്നുരസിയാൽ, വെറുതെ ഒന്ന് കൂട്ടിമുട്ടിയാൽ, തീആളും, പടരും എന്ന് ഞാനോർത്തു. പേപ്പർക്കിണ്ണങ്ങളും നാപ് കിൻസും അവരുടെ അടുത്തിരുന്ന് ഞാൻ അടുക്കിക്കൊണ്ടിരുന്നു. ദേഷ്യത്തോടെ പാത്രങ്ങൾ വലിച്ചേറിയുകയും മേശവലിപ്പുകൾ ശബ്ദത്തിൽ വലിച്ചു തുറക്കുകയും ചെയ്തുകൊണ്ടു ചുവന്ന മുഖവുമായിനിന്ന ലലു എന്ന രണ്ടാമത്തെ ഭാര്യ മുഖം മുഴുവൻ ഈറനാക്കിക്കൊണ്ട് പൊടുന്നനെ കരയാൻ തുടങ്ങി. ഇളകുന്ന അവരുടെ ചുമലുകളിൽ തടവിത്തടവി ഞാനന്ന് മിണ്ടാതിരുന്നു.

''അമ്മ വന്നുകാണും.'' മൂത്ത ഭാര്യ ധൃതിയിൽ എഴുന്നേറ്റ് വാതിലുകൾ കൊട്ടിയടച്ചുകൊണ്ട് ദേഷ്യപ്പെട്ടു: ''ഭർത്താവിന്റെ കല്യാണദിവസം കണ്ണു നിറക്ക്യേ ? എന്താ നിനക്ക് ?'' അവർ പിന്നേയും എന്തോ പറയാനോങ്ങി. പക്ഷേ, അതവിടെത്തന്നെ നിർത്തി അവർ തിരിഞ്ഞു നിന്നു. പുകഞ്ഞുനീറുന്ന തീക്കൊള്ളികളകിൽ നിന്ന് പെട്ടെന്നാളുന്ന ചെറിയ തീനാളം പോലെ അവരുടെ ചുണ്ടുകൾ വിറച്ചു. പിന്നെ, അതൊരു ചിരിയുടെ ഭാഗമാണെന്നപോലെ, തുടങ്ങിയ ചിരി മുഴുമിപ്പിച്ചേക്കാമെന്നു കരുതിയിട്ടെന്നപോലെ, അവർ എന്റെ നേരെ നോക്കി. പക്ഷേ, ആ ചിരിയും അവർ അന്ന് മുഴുമിപ്പിക്കയുണ്ടായില്ല.

അന്ന് ലാലാജിയുടെ വീട്ടിൽനിന്ന് ഭർത്താവിന്റെ കൈപിടിച്ചു് പുറത്തിറങ്ങിയതു മുതൽ, പിൻതിരിഞ്ഞു നില്ക്കെ ആരോ പൊള്ളിച്ചുവിട്ട, ഒരിക്കലും മായാത്ത വടുപോലെ, എന്നെ പിൻതുടർന്നിരുന്ന അവരുടെ എല്ലാം മുഖത്തിനു നേരെ തിരിഞ്ഞു നിന്ന് ഞാനോർത്തു : ലാലാജി പറഞ്ഞപോലെ തലമുറകൾതോറും എല്ലാ പ്രാഭവങ്ങളോടുംകൂടെ ആണുങ്ങൾ വളർന്നുവന്നില്ലെങ്കിൽ ശരിക്കും ഞങ്ങൾക്കാരാണ് തുണ ? മുതുകത്ത് പതിനഞ്ചു ദിവസമുള്ള കുട്ടിയേയും കെട്ടിവെച്ച് എന്റെ വീട്ടിൽ ജോലിക്കു വന്നിരുന്ന വീണ എന്ന പെൺകുട്ടിക്കും അത് എളുപ്പത്തിൽ മനസ്സിലാവും. ചൂടുവെച്ചുവരുന്ന വെയിലിൽ മുറ്റത്തേയ്ക്കു കയറ്റുകട്ടിൽ വലിച്ചിട്ട് പകൾ മുഴുവൻ ഹുക്കവലിച്ചിരുക്കുന്ന ഭർത്താവിന്റെ ആരോഗ്യവും സന്തോഷവും തനിക്കു് രക്ഷാബോധത്തോടെ അടച്ചു കിടക്കാവുന്ന കൂരയുടേയും കാവലിന് താൻ കൊടുക്കേണ്ട വിലയാണ്. സദാ പേടിച്ചും കുറ്റബോധത്തോടും കഴിയേണ്ട ചുറ്റുപാടിൽ ഞങ്ങളുടെ കാവൽക്കാർ ഞങ്ങൾക്ക് പ്രധാനങ്ങളാവാതെ വയ്യല്ലൊ.

ഒരു ദിവസം ജോലിക്ക് വരുമ്പോൾ വീണയുടെ പുറത്ത് കുട്ടിയുണ്ടായിരുന്നില്ല.

''എവിടെ മകൻ ?'' ഞാൻ ചോദിച്ചു. വിടർന്നു വരണ്ട കണ്ണുകൾ തുറിച്ച് വീണ എന്നെ നോക്കിനിന്നു. അവളുടെ പാൽ വന്നുകെട്ടിയ വലിയ മുലകൾ പെട്ടെന്നു ചുരന്നതും മുഷിഞ്ഞ ജാക്കറ്റിലൂടെ പാൽ കിനിഞ്ഞതും ഞാൻ കണ്ടു.

''ഭർത്താവെടുത്തുകൊണ്ടു പോയി '' വീണ പറഞ്ഞു. അദ്ദേഹത്തിന്റെയാണല്ലോ അവൻ ! നമുക്ക്, പെണ്ണങ്ങൾക്ക് മക്കളുപോലുമില്ല, നമ്മുടേതായിട്ട്. '' പക്ഷേ, മേംസാബ്...'' അവൾ തുടർന്നു: ''പനിച്ചുപൊള്ളുകയാണവന്. കുട്ടിയുടെ കരച്ചിൽ കേട്ട് ഞാൻ രാത്രി മുഴുവൻ പുറത്തിരുന്നു. പിന്നെ, രാവിലെ അദ്ദേഹം എഴുന്നേറ്റു മുഖം കഴുകുമ്പോൾ തെറ്റുപറഞ്ഞ് അകത്തുകടക്കാം എന്നു കരുതി. അദ്ദേഹത്തിന്നുമില്ല്യേ മനസ്സ് ? കുട്ടിക്കു ദാഹിക്കും എന്നറിയില്ലേ അദ്ദേഹത്തിന്ന്. ഒന്നുമുണ്ടായില്ല. അവസാനം കുട്ടിയേയും കൊണ്ട് അദ്ദേഹം പുറത്തുകടന്നപ്പോൾ തലതല്ലിക്കരഞ്ഞുകൊണ്ട് ഞാൻ പിന്നാലെ ചെന്നു. കണ്ണടച്ച്, കരയാൻപോലുമാവാതെ, അവൻ കിടന്നിരുന്നു. അവനു തൊണ്ട വരളുന്നുണ്ടാവും. എനിക്കതറിയാം. എന്റെ നിർത്താത്ത കരച്ചിൽ കേട്ടായിരിക്കണം അദ്ദേഹത്തിന്നു് വല്ലാതെ ദേഷ്യം വന്നു. ഞാനിനിയും പിന്നാലെ ചെന്നാൽ കുട്ടിയെ ചാലിലേയ്ക്കു വലിച്ചെറിയുമെന്ന് അവന്റച്ഛൻ പറഞ്ഞു. അദ്ദേഹം അതു ചെയ്യേയ്ക്കും. മൂക്കത്താണ് ശുണ്ഠി. ''എന്തെങ്കിലും വേഗം അവനു മേടിച്ചുകൊടുക്കൂ...'' ഞാൻ പറഞ്ഞു. അവനു ദാഹിക്കുകയാണ്. എന്നിട്ട് ഞാൻ നിന്നിടത്തുനിന്നു. ചാളകളുടേയും വേലിയുടേയും ഒക്കെ അപ്പുറത്തേയ്ക്ക് അവർ മറയുന്നതുവരെ. പിന്നെയും ഇതാ ഇത്രനേരവും ഞാനവിടെത്തന്നെ നിന്നു, മേംസാബ്, ദൈവം എന്തിനേ പെണ്ണുങ്ങളെ ഉണ്ടാക്കിയത് ? എല്ലാവരേയും അദ്ദേഹത്തിന് ആണുങ്ങളാക്കാമായിരുന്നു.

കഥപറയുന്നതുപോലെയായിരുന്നു വീണ പറഞ്ഞിരുന്നത്. വളരെ പെട്ടെന്ന്, ദൈവത്തിന്റെ മുഖം തൊട്ടു മുന്നിൽ കണ്ടിട്ടെന്നപോലെ അവൾ നിർത്തി. അല്പ നേരത്തിനു ശേഷം എന്റെ വലിയ മുറിയുടെ മൂലയ്ക്കൽ കുന്തിച്ചിരുന്നു് അവൾ കരയാൻ തുടങ്ങി. ചുരന്നുപോയ മുലപ്പാൽ വടുക്കെട്ടിയ അവളുടെ ജാക്കറ്റും കണ്ണീരിൽ നനഞ്ഞ മുഖവും ഞാൻ എന്റെ കസേരയിൽ ചരിഞ്ഞിരുന്നു് കണ്ടു, ചെറിയ ഓളങ്ങൾപോലെ, പിന്നെ ശ്വാസം മുട്ടിക്കുന്ന തിരകളെപ്പോലെ അവയൊക്കെ എന്നെ വന്നു മൂടി.

''വീണ, ഞാൻ കുറച്ചു ചായതരട്ടെ ?'' അവസാനം മറ്റൊന്നും പറയാനിലാതിരുന്നതിനാൽ ഞാൻ

ചോദിച്ചു.

കടയുന്ന, കല്ലിച്ച മുലകളിൽനിന്നും ഒരു ഗ്ലാസ്സിലേയ്ക്കു മുലപ്പാൾ പിച്ചിയെടുത്തുകൊണ്ട് അവൾ വേണ്ടെന്നു തലയാട്ടി.

അതുനോക്കി, ദൈവമേ എന്നു് ഏതു ദൈവത്തിനെയാണെന്ന് ഒരു പിടിയുമില്ലാതെ നിരാലംബയായി ഞാൻ വിളിച്ചു: ''ഞങ്ങളുടെയെല്ലാം എത്ര ചിറകുകൾ വേണമെങ്കിലും ഞങ്ങൾ നിനക്കു തരാം. വീണയ്ക്കു് അവളുടെ കുഞ്ഞിനെ കൊടുക്കുക.''

ദൈവം ഇന്നെന്നപോലെ എന്നും അപരിചിതനായിരുന്നു എനിക്കു്. പക്ഷേ, എന്റെ മുന്നിൽ കണ്ട ആരേയും വിളിച്ചു കരയാൻ വിശ്വാസമില്ലാതിരുന്നതിനാൽ ഞാൻ കാണാത്ത ദൈവത്തിനെ വെറുതെ വിളിച്ചുകൊണ്ടിരുന്നു. പിന്നെ പതുക്കെപ്പതുക്കെ വീണയുടെ മുലപ്പാലും കണ്ണീരും ഇരുമ്പ് കുടിച്ച വെള്ളത്തെപ്പോലെ ഉള്ളിലേയ്ക്കു വലിഞ്ഞു. കെട്ടിനിന്നു വറ്റിയ മുലപ്പാലിന്റേയും ഉറഞ്ഞ കണ്ണീരിന്റേയും ഭാരം പേറി അവൾ ഭൂമിദേവിയെപ്പോലെ സർവ്വംസഹയായി.

'ക്ഷമയാ ധാരിത്രി' എന്നാണ് വേദവാക്യം. ഒരു ദിവസം ഞാനവളോടു് പറഞ്ഞു.

'എന്തേ പറഞ്ഞത്, മേംസാബ് ?' വീണ ചിരിച്ചുകൊണ്ട് ചോദിച്ചു.

'സ്ത്രീഭൂമിദേവിയെപ്പോലെ ക്ഷമയുള്ളവളാവണം.' ഞാൻ പറഞ്ഞു: 'മനുഷ്യരായ പുരുഷന്മാർക്കാണ് ശൂണ്ഠിയും കാമവും മോഹവും ഒക്കെ, നാം ദേവികളാവേണ്ടവരാണ്. വീണ, പുരുഷന്മാർ മനുഷ്യരായി ജനിച്ച് മനുഷ്യരായി മരിക്കുന്നു. നമ്മൾ മനുഷ്യരായി ജനിച്ച് ദേവികളാവേണ്ടവരാണ്.'

ചുലിന്റെ ചെറിയ കുമ്പുകൊണ്ട് കാലിന്റെ തള്ള വിരലിലെ നഖം വൃത്തിയാക്കുകയായിരുന്ന വീണ മൂളി.

'അവനെ ഒന്നു കണ്ടാൽ മതിയായിരുന്നു' അവൾ പറഞ്ഞു: 'അവൻ നടക്കാൻ തുടങ്ങിയിട്ടുണ്ടാവും ഇപ്പോൾ എന്നെ കണ്ടാൽ അവൻ തിരിച്ചറിയില്ല. ഞാനെടുക്കുമ്പോൾ അവൻ ഉറക്കെ കരയും.'

എന്റെ മിന്നുന്ന മേശയിൽ സ്വന്തം പ്രതിബിംബം നോക്കിയിരിക്കെ എനിക്കെല്ലാം സത്യമായിത്തോന്നി, മുത്തശ്ശി പറയാറുള്ളതുപോലെ നാമൊക്കെ ശീലാവതികളാവണം. ഭർത്താവിന്റെ ഇഷ്ടമാവണം നമ്മുടെ ഇഷ്ടവും, അല്ലെങ്കിൽ ഒരു രാവിലെ നമ്മളെ അദ്ദേഹം വാതിലിനു പുറത്തു നിർത്തിയാൽ എന്താണുണ്ടാവുക ? ഉടുത്ത വസ്ത്രവും മായാൻ തുടങ്ങുന്ന ഒരു കങ്കമപ്പൊട്ടുമായി പാതയിലിറങ്ങി നിന്നാൽ എല്ലാവരും ആർത്തുചിരിക്കും, ചിതപോലെ കത്തുന്ന സൂര്യനു കീഴിൽ, ഈ തിരക്കിൽ ആരോടാണ് ഞാൻ ചോറിനിരക്കുക ? എന്റെ പാതിവ്രത്യം കണ്ട് മനസ്സലിഞ്ഞ് ഏതെങ്കിലും ഒരു ദൈവം ഒരക്ഷയപാത്രമോ, എല്ലാം സാധിപ്പിക്കുന്ന ഒരു വരമോ തന്നില്ലെങ്കിൽ എന്റെ സ്ഥിതി ദയനീയമാവും. അതൊന്നുമല്ലെങ്കിലും ഇരക്കുവാൻ സ്ഥിരമായി ഒരു സ്ഥലമുണ്ടാവുന്നതാണ് നല്ലത്. എനിക്ക് വീണ്ടും എന്റെ ഭർത്താവിനോട് എന്തെന്നില്ലാത്ത ആദരവും ഭക്തിയും തോന്നി. തലയ്ക്കു മീതെ തണലും ഈക്കണ്ട ആഡംബരങ്ങളും ഒക്കെ ഞാൻ കൈനീട്ടി വാങ്ങുമ്പോൾ എന്റെ കൈയിലൊന്നുമില്ല തിരിച്ചുകൊടുക്കാൻ, കണ്ണീരുപോലെ തെളിഞ്ഞ കുറച്ചു സ്നേഹമല്ലാതെ, പക്ഷേ, അത് ഞാനൊന്നിനും പകരം കൊടുക്കുന്നതല്ല, ആകെയുള്ള അതും എന്തിനെങ്കിലും വേണ്ടി കൈ മാറിത്തുടങ്ങിയാൽ ഞാൻ ശരിക്കും തകർന്നു പോകും. ജനലിലൂടെ കാണുന്ന ഈ ലോകത്തെ എല്ലാം മറന്ന് ഞാൻ നോക്കിയിരിക്കുമ്പോൾ എനിക്ക് എന്റേതായി ഒന്നുമുണ്ടാവില്ല. അതുമല്ലാ എന്റെ ഭർത്താവ് ഒരിക്കൽ പറഞ്ഞതുപോലെ സ്നേഹിക്കുന്നതും സ്വാർത്ഥതകൊണ്ടാണ്. ഞാൻ സ്നേഹിക്കുന്നത് എന്റെ സന്തോഷത്തിനാണ്. പിന്നെ ഞാനെന്താണ് വില്ക്കുക ? ആകെ മൂടിവരുന്ന ഒരു തിരമാലപോലെ എന്റെ കട ബാദ്ധ്യത എന്നെ ശ്വാസംമുട്ടിച്ചു. ഈ കടങ്ങൾ ഇനി മൂന്നു ജന്മം ജനിച്ചാലും തീരാത്തതാണ്. എന്റെ ഭർത്താവിന് ഇത്ര പണമില്ലായിരുന്നെങ്കിൽ, എന്റെ സാരികൾക്കും വീടിനുമൊന്നും ഇത്ര വിലയില്ലാതിരുന്നെങ്കിൽ എന്റെ കടമെങ്കിലും കുറെ കറയുമായിരുന്നു. ആലോചിച്ചിരിക്കെ എന്റെ കടത്തിന്റെ വ്യാപ്തിക്ക് ഒരതിരുകളും ഇല്ലാതാവുന്നതു ഞാനറിഞ്ഞു. സ്ത്രീയ്ക്കു ക്ഷമയുണ്ടാവേണ്ടത് എന്തുകൊണ്ടാണെന്നു് എനിക്ക് ഒരു വെളിപാടുപോലെ പെട്ടെന്നു മനസ്സിലായി. ചുറ്റുപാടിനോടും മക്കളോടു പോലും അവൾക്കു നന്ദി തോന്നേണ്ടതുണ്ട്. ഇത്രയും ലളിതമായ സംഗതികൾ മനസ്സിലാക്കാൻ എനിക്കിത്രയും ജീവിക്കേണ്ടിവന്നു എന്നതിൽ എനിക്കു തന്നെ വല്ലാത്ത നാണം തോന്നി. വൈകിയ അവസരത്തിലാണെങ്കിലും അങ്ങനെയാണ് ഒരിക്കലും ഇമയാട്ടാനാവാത്ത കൺപീലികളും ഒരിക്കലും വിറയ്ക്കാത്ത ചുണ്ടുകളുമായി ജനിക്കുമ്പോൾ മനുഷ്യചിഹ്നമായി എനിക്കുണ്ടായിരുന്ന മനസ്സും ചിറകുകളും കൊടുത്തു പകരം പ്രസാദം കൊടുക്കാനുള്ള മഞ്ഞളും കുങ്കമവും വാങ്ങി ആർഷഭാരതത്തിലെ എല്ലാ മാന്യസ്ത്രീകളേയും പോലെ ഞാനും ദേവിയായത്.